പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1735 17-06-13 ൽ മറുപടിക്ക്

## ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

ചോദ്യം:

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ

(എ) മദ്യ/ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുന്നതിനായി എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, ലഹരി വിരുദ്ധ ക്ലബ്ബുകൾ എന്നീ സംഘടനകൾ വഴിയുള്ള ബോ ധവൽക്കരണ പ്രവർത്തനങ്ങൾ സർ ക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മദ്യ/ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംഘടിപ്പിക്കുന്നതിനായി എക്സൈസ് വകുപ്പിൽ എന്തെങ്കിലും പ്രത്യേക സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഓരോ നിശ്ചിത സമയ പരിധിയിൽ അവലോകനം നടത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം:

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, എന്നിവയുമായി സഹകരിച്ചു കൊണ്ടുള്ള ബോ ധവൽക്കരണ പ്രവർത്തനങ്ങൾ പ്രാരംഭ ദശയിലായതിനാൽ, ഇവരുടെ പ്രവർത്തനം വിലയിരുത്തിയിട്ടില്ല. എക്സൈസ് വകുപ്പിന്റെ മേൽനോട്ടത്തിൽ, സംസ്ഥാനത്ത് 775 ലഹരി വിരുദ്ധ ക്ലബ്ബുകൾ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അവയുടെ പ്രവർത്തനം വിലയിരുത്തുകയും, ഏറ്റവും മികച്ച ലഹരി വിരുദ്ധ ക്ലബ്ബിന് അവാർഡ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) മദ്യ/ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് സംഘടിപ്പിക്കുന്നതിനായി, എക്സൈസ് വകുപ്പിൽ ഒരു ജോയിന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേക ബോധവൽക്കരണ വിഭാഗം (അവയർനെസ് പ്രോഗ്രാം കോ-ഓർഡിനേഷൻ വിംഗ്) പ്രവർത്തിച്ചു വരുന്നു.

(സി) ഇക്കാര്യത്തിലാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ